# വില്പനയിൽ മുന്നിൽ ഗാന്ധിജിയുടെ ആത്മകഥ

കേരളീയരുടെ വായനാശീലത്തെ ഏറ്റവും സ്വാധീനിച്ചത് മഹാത്മാ ഗാന്ധി. പതിനൊന്നു മാസത്തിനകം 4 പതിപ്പുകളിലായി 60,000 കോപ്പി ചെയ്ത ഗാന്ധിജിയുടെ വിശ്വവിഖ്യാതമായ ആത്മകഥ 'എന്റെ സത്യാന്വേഷണ പരീക്ഷണകഥ' മലയാളത്തിലെ പുസ്തകവില്പനയുടെ ചരിത്രത്തിൽ ശ്രദ്ധേയമായി മാറുന്നു.

'എന്റെ സത്യാന്വേഷണ പരീക്ഷണകഥ'യുടെ പുതിയ മലയാള പരിഭാഷ 1998 ജനുവരി 30–ന് ഗാന്ധിജിയുടെ രക്തസാക്ഷിദിനത്തിലാണ് പ്രസിദ്ധീകരിച്ചത്. ആദ്യ പതിപ്പ് (10,000 കോപ്പികൾ) ഒരു മാസത്തിനകം വിറ്റുതീർന്നു. തുടർന്ന്, ജൂലായ്, ആഗസ്റ്റ്, ഒക്ടോബർ മാസങ്ങളിലായി 3 പതിപ്പുകൾകൂടി പ്രസിദ്ധീകരിക്കപ്പെട്ടു.

മഹാത്മാഗാന്ധി സ്ഥാപിച്ച അഹമ്മദാബാദിലെ നവജീവൻ ട്രസ്റ്റാണ് പുസ്തകത്തിന്റെ പ്രസാധകർ.

കൊച്ചിയിലെ പൂർണോദയ ബുക്ട്രസ്റ്റും നവജീവൻ ട്രസ്റ്റും ചേർന്ന് 8 വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ള 'മഹാത്മാഗാന്ധിയുടെ തെരഞ്ഞെടുത്ത കൃതികൾ' എന്ന ഗ്രന്ഥസമുച്ചയത്തിന്റെ ഒന്നാം വാല്യം എന്ന നിലയിൽ മറ്റൊരു 4,000 കോപ്പികളും ഇംഗ്ലീഷ് പതിപ്പ് 29,000 കോപ്പികളും ഈ കാലഘട്ടത്തിൽ വിറ്റഴിക്കപ്പെട്ടിട്ടുണ്ട്.

കെ. പരമേശ്വരശർമ്മ